DESPATCHED
8/2/22

3/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1350(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 12370/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 3**

ശ്രീമതി. എൽ. പ്രമീള,
കരിത്തലയ്ക്കൽ പുത്തൻ വീട്,കീഴ്ക്കൊല്ല,
വട്ടവിള പി.ഒ.,
അമരവിള, നെയ്യാറ്റിൻകര,
തിരുവനന്തപുരം. — അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ് ചെങ്കൽ,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   ഡെപ്യൂട്ടി തഹസിൽദാർ (ആസ്ഥാനം),
   താലൂക്ക് ഓഫീസ്, നെയ്യാറ്റിൻകര,
   തിരുവനന്തപുരം.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 29.12.2020, 10.3.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.1.2021, 9.4.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 4.5.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 17.7.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 5.10.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 6.10.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.10.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 14.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയത | 25.1.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | അപ്പീൽ ഹർജിക്കാരിക്കുവേണ്ടി പ്രതിനിധി ഹാജരായി(ഓഡിയോ)<br>ഹാജരായി (ഓഡിയോ) |

## ഉത്തരവ്

ശ്രീമതി. എൽ. പ്രമീള, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 2020 ഡിസംബർ 29-ന് നൽകിയ വിവരാവകാശ

അപേക്ഷയ്ക്ക് 4 മാസം കഴിഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനാൽ 2021 മാർച്ച് 10–ന് തപാലിൽ വീണ്ടും അപേക്ഷ അയച്ചു നൽകി എന്നും ആയതിന് 9.4.2021–ന് " ലഭ്യമല്ല " എന്ന മറുപടിയാണ് നൽകിയതെന്നും തുടർന്ന് 4.6.2021–ന് അപ്പീൽ നൽകി എന്നും ടി അപ്പീൽ മറുപടിയിൽ എസ്.പി.ഐ.ഒ നൽകിയ തെറ്റായ നടപടികളെ ന്യായീകരിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും രണ്ടാം അപ്പീൽ അധികാരിയുടെ വിലാസം, കാലാവധി എന്നിവ അറിയിച്ചിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് ടിയാൾക്ക് നീതി കിട്ടാൻ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷകളിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ചെങ്കൽ വില്ലേജിൽ റീസർവ്വെ 44/12 ലും 44/13 ലും എത്ര സെന്റ് ഭൂമി ഉണ്ട് എന്നും

ii. ചെങ്കൽ വില്ലേജിൽ കുഴിച്ചാണിയിൽ താമസം മുൻ കെ.എസ്.ആർ.ടി.സി. ഡ്രൈവർ ശ്രീ. ജസ്റ്റിൻ എന്ന ഒരു ബ്ലെയ്ഡുകാരൻ ടി സർവ്വെകളിൽ ഏതെങ്കിലും വസ്തുവിന് വ്യാജ രേഖകൾ കാട്ടി പട്ടയം പതിച്ചിട്ടുണ്ടെന്നു പറഞ്ഞറിയുന്നു എന്നും അത് ശരിയാണോ എന്നും ബന്ധപ്പെട്ട വിവരം ഉടമകളെ അറിയിക്കണമെന്ന മാനദണ്ഡം നടപ്പിലാക്കിയോ എന്നും

iii. കൈവശ ഭൂമി ഇല്ലാത്തവന് പട്ടയം പതിച്ച് നൽകുമ്പോൾ നിയമ പ്രകാരമുള്ള സർക്കാർ നടപടി എന്താണെന്നും മറ്റുമായി 10 ഇനങ്ങളിലും 10.3.2021–ന് നൽകിയ അപേക്ഷയിൽ ഇതേ വിഷയവുമായി ബന്ധപ്പെട്ട 15 ഇനങ്ങളിലുമായുള്ള വിവരങ്ങളുമാണ്.

3. 29.12.2020–ലെ അപേക്ഷയ്ക്ക് 29.1.2021 ലും 10.3.2021 ലെ അപേക്ഷയ്ക്ക് 9.4.2021 നും ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു. തുടർന്ന് ടിയാളുടെ 29.12.2020–ലെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ലെന്നും 10.3.2021–ന് നൽകിയ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ചൂണ്ടിക്കാട്ടി 4.6.2021–ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, അപ്പീൽ കക്ഷി നൽകിയ രണ്ട് അപേക്ഷകൾക്കും എസ്.പി.ഐ.ഒ യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നും തനിക്ക് അപേക്ഷയിൽ പറഞ്ഞതിൽ കൂടുതൽ വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കുവാൻ ഇല്ലെന്നും തന്നെ നേരിൽ കേൾക്കേണ്ട ആവശ്യമില്ലെന്നുമാണ് അപ്പീൽ കക്ഷി അറിയിച്ചതെന്നും അപേക്ഷകയോട് അപമര്യാദയായി പെരുമാറുകയോ അധിക്ഷേപിക്കുകയോ ഒന്നാം എതിർകക്ഷി ചെയ്തിട്ടില്ലെന്ന് എസ്.പി.ഐ.ഒ വിശദീകരണം നൽകിയിട്ടുണ്ടെന്നും, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച രേഖകൾ ഓഫീസിൽ ലഭ്യമല്ല എന്നാണ് എസ്.പി.ഐ.ഒ അപേക്ഷകയ്ക്ക് മറുപടി നൽകിയിട്ടുള്ളതെന്നും ഓഫീസിൽ ലഭ്യമല്ലാത്ത രേഖകളുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാൻ എസ്.പി.ഐ.ഒയ്ക്ക് കഴിയില്ലെന്നതിനാൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടികളിൽ അപാകതയുള്ളതായി കാണുന്നില്ലെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീമതി. എൽ. പ്രമീള 1 മുതൽ 15 വരെ ഇനങ്ങളിലായി 10.3.2021 ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ശ്രീമതി. റോസ് ലറ്റ്, പ്രഭകുമാരി എന്നിവർക്ക് വസ്തു ഉള്ളതായി വില്ലേജ് റിക്കാർഡ് പ്രകാരം കാണുന്നില്ലെന്ന് ക്രമ നമ്പർ 1 പ്രകാരവും, പ്രസ്തുത രേഖ/വിവരം ലഭ്യമല്ലെന്ന് ക്രമ നമ്പർ 3 മുതൽ 7 വരെയും, തണ്ടപ്പേർ നമ്പർ വ്യക്തമാക്കാത്തതിനാൽ വിവരം കണ്ടെത്താൻ സാധിച്ചില്ലെന്ന് ക്രമ നമ്പർ 8 നും, വിവരം ലഭ്യമല്ലെന്ന് ക്രമ നമ്പർ 9 മുതൽ 11 വരെയും 16/- രൂപ ഒടുക്കി തണ്ടപ്പേർ പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്ന് ക്രമ നമ്പർ 12 നും വിവരം ലഭ്യമല്ലെന്ന് ക്രമനമ്പർ 13 മുതൽ 15 വരെയും അക്കമിട്ട് 9/4/2021ന് 3/21 നമ്പർ ആയി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുള്ളതാണെന്നും 2020 ഡിസംബർ മാസം 29-ന് അപ്പീൽ വാദി നേരിട്ട് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയ അപേക്ഷയ്ക്ക് 29/1/2021 തീയതി 23/20 നമ്പർ ആയും 2021 മാർച്ചിന് തപാലിൽ അയച്ച അപേക്ഷയ്ക്ക് 9/4/2021-ന് 3/21 നമ്പർ ആയും ടിയാൾക്ക് മറുപടി തപാൽ മുഖേന അയച്ചിട്ടുള്ളതായും 3/21 നമ്പർ മറുപടിയിൽ പറഞ്ഞിരുന്ന പ്രകാരം 20/4/2021-ന് 16/- രൂപ ഒടുക്കി രസീത് കൈപ്പറ്റിയെങ്കിലും ടി പകർപ്പുകൾ കൈപ്പറ്റാൻ അപ്പീൽ വാദി വിസമ്മതിച്ചതായും ടി പകർപ്പുകൾ 20/4/2021-ന് തപാൽ മാർഗ്ഗം ടിയാളുടെ വിലാസത്തിൽ അയച്ചിട്ടുള്ളതായും ടിയാൾ പരാതിപ്പെട്ട പ്രകാരം ചെങ്കൽ വില്ലേജാഫീസിലെ ആരും തന്നെ ടിയാളെ ശകാരിക്കുകയോ മാനസികമായി പീഡിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും ആയത് ടിയാൻ കെട്ടിച്ചമച്ചതാണെന്നും ടി മറുപടികളുടെ പകർപ്പുകൾ സഹിതം എസ്.പി.ഐ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, അപ്പീൽ വാദിയും എസ്.പി.ഐ.ഒ യും ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ വില്ലേജാഫീസിലെ രേഖകൾ പ്രകാരം ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ലഭ്യമല്ലാത്തതിനാലാണ് അപ്പീൽ വാദിക്ക് നൽകാൻ കഴിയാതിരുന്നത് എന്നത് ബോധ്യപ്പെട്ട് പ്രസ്തുത എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമാണെന്ന് കണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ 29.12.2020-ലെ വിവരാവകാശ അപേക്ഷയ്ക്ക് 29.1.2021-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും എന്നാൽ ആയത് ഹർജിക്കാരിക്ക് ലഭിച്ചിട്ടില്ല എന്നും കാണുന്നു. ആയതിനാൽ ടി മറുപടിയുടെ പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 2 ദിവസത്തിനകം ഹർജിക്കാരിക്ക് ഒന്നാം എതിർകക്ഷി ഒരിക്കൽ കൂടി അയച്ചു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് എസ്.പി.ഐ.ഒയുടെ ചുമതല. ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തതിനാലാണ് നൽകാൻ കഴിയാത്തത് എന്ന വിശദീകരണം വസ്തുതാപരമാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. മാത്രമല്ല ഹർജിക്കാരി അപേക്ഷയിൽ ഉന്നയിച്ച പ്രകാരമുള്ള സാങ്കൽപ്പിക ചോദ്യങ്ങൾ, വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. എന്നതിനാലും വ്യക്തമായ ചോദ്യങ്ങൾ ഉന്നയിച്ചാൽ മാത്രമേ പൊതു അധികാരിയ്ക്ക് വിവരം ലഭ്യമാക്കാൻ കഴിയുകയുള്ളൂ എന്നതിനാലും

എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. എന്നാൽ രണ്ടാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ ഹിയറിംഗ് നോട്ടീസ് ഹിയറിംഗ് കഴിഞ്ഞ് 4 ദിവസം കാലതാമസം വന്നാണ് ലഭിച്ചതെന്നുള്ള ഹർജിക്കാരിയുടെ ആക്ഷേപം ദൂരികരിക്കുന്നതിനായി ഹർജിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ ഹർജിക്കാരിയെ നേരിൽ കേൾക്കുന്നതിനുള്ള ഒരു അവസരം കൂടി രണ്ടാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. ഹർജിക്കാരി 5.5.2021-ന് നൽകിയ അപ്പീൽ അപേക്ഷ 17.7.2021 നാണ് രണ്ടാം എതിർകക്ഷി തീർപ്പാക്കിയിട്ടുള്ളതായി കാണുന്നത്. സമയബന്ധിതമായി അപ്പീൽ തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമായതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ രണ്ടാം എതിർകക്ഷി ഇക്കാര്യത്തിലുള്ള വിശദീകരണം 15.2.2022 നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 3-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk